125

കേന്ദ്രഗവൺമെന്റ്
നിയമ മന്ത്രാലയം

# ഇൻഡ്യൻ മെജോറിറ്റി ആക്റ്റ്, 1875

(1875-ലെ 9-ാം ആക്റ്റ്)

(1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെന്റിനുവേണ്ടി കേരള ഗവൺമെന്റ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

കേന്ദ്രഗവൺമെൻറ്
നിയമ മന്ത്രാലയം

सत्यमेव जयते

# ഇൻഡ്യൻ മെജാറിററി ആക്റ്റ്, 1875

## (1875-ലെ 9-ാം ആക്റ്റ്)

## (1974-ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

കേരള ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
തർജ്ജമ ചെയ്തത്

യൂണിയൻ ഔദ്യോഗിക ഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ
അംഗീകരിച്ചത്

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ്
പ്രസ് സൂപ്രണ്ട് ആ പ്രസ്സിൽ അച്ചടിപ്പിച്ച്
പ്രസിദ്ധീകരിക്കുന്നത്
1974

# ഇൻഡ്യൻ മെജാറിററി ആക്റ്റ്, 1875

(1875-ലെ 9-ാം ആക്റ്റ്)

## മെജാറിററിക്കുള്ള പ്രായം സംബന്ധിക്കുന്ന നിയമം ഭേദഗതി ചെയ്യുവാനുള്ള ആക്റ്റ്

[1875 മാർച്ച്, 2]

ആമുഖം:—ഇൻഡ്യയെഅധിവസിക്കുന്ന ആളുകളുടെ സംഗതിയിൽ, അപ്രാപ്ത വയസ്സിൻെറ കാലം ദീർഘിപ്പിക്കേണ്ടതും, മെജാറിററിക്കുള്ള പ്രായം സംബന്ധിച്ച് ഇപ്പോഴുള്ളതിനേക്കാംകൂടുതൽ ഐകരൂപ്യവും നിശ്ചിതത്വവും കൈവരുത്തേണ്ടതും സമീചീനമായിരിക്കയാൽ, ഇതിനാൽ താഴെ പറയും പ്രകാരം അധി നിയമം ചെയ്തിരിക്കുന്നു:—

1. ചുരുക്കപ്പേര്:—ഈ ആക്റ്റിന് ഇൻഡ്യൻ മെജാറിററി ആക്റ്റ്, 1875 എന്ന് പേർ പറയാവുന്നതാണ്.

തദ്ദേശവ്യാപ്തി:— ഇത് ജമ്മു–കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതും,

പ്രാരംഭവും പ്രവർത്തനവും.— ഇത് പ്രാബല്യത്തിൽ വരുകയും ഇതിന് പ്രഭാവമുണ്ടാവുകയും ചെയ്യുന്നത് ഇത് പാസ്സാക്കിയതുമുതൽ മൂന്നു മാസം കഴിയുമ്പോാം മാത്രമായിരിക്കുന്നതും,

ആണ്.

2. ഒഴിവാക്കൽ.— ഇതിൽ അടങ്ങിയ യാതൊന്നും.—

(ക) ഏതെങ്കിലും ആാംക്ക് താഴെപ്പറയുന്ന വിഷയങ്ങളിൽ,(അതായത്); വിവാഹം, ഡവ്വർ, വിവാഹമോചനം, ദത്ത് എന്നിവയിൽ പ്രവർത്തിക്കുന്നതനുള്ള സമർത്ഥതയേയോ,

(ഖ) ഇൻഡ്യൻ പൗരൻമാരുടെ ഏതെങ്കിലും വിഭാഗത്തിൻെറ മതത്തേയോ അല്ലെങ്കിൽ മതപരമായ ചടങ്ങുകളേയും വഴക്കങ്ങളേയുമോ,

(ഗ) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് തനിക്ക് ബാധകമായ നിയമത്തിൻ കീഴിൽ മെജാറിററി എത്തിയിട്ടുള്ള ഏതെങ്കിലും ആളുടെ സമർത്ഥതയേയോ,

ബാധിക്കുന്നതല്ല.

3. ഇൻഡ്യയെ അധിവസിക്കുന്ന ആളുകളുടെ മെജാറിററിക്കുള്ള പ്രായം.—

മുൻപറഞ്ഞതിന് വിധേയമായി, ഏതു മൈനറുടെ ശരീരത്തിൻേറയോ, സ്വത്തിൻേറയോ രണ്ടിൻെറയുമോ ആണോ സിവിൽ നടപടി നിയമസംഹിത(1882-ലെ4)യിലെ XXXI-ാം അദ്ധ്യായത്തിൻെറ അർത്ഥത്തിൽ വ്യവഹാരത്തിനുള്ള രക്ഷാകർത്താവല്ലാത്ത ഒരു രക്ഷാകർത്താവിനെ, മൈനർക്ക് പതിനെട്ടു വയസ്സ് ആകുന്നതിന് മുമ്പ് ഏതെങ്കിലും നീതിന്യായക്കോടതി നിയമിക്കുകയോ പ്രഖ്യാപിക്കുകയോ ചെയ്തിരിക്കുകയോ ചെയ്യേണ്ടതായിരിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതൊരു മൈനറും ഏതു മൈനറുടെ സ്വത്തിൻെറ മേൽനോട്ടമാണോ ഏതെങ്കിലും കോർട്ട് ആഫ് വാർഡ്സ് മൈനർക്ക് ആ പ്രായമെത്തുന്നതിനുമുമ്പ്, ഏറെറടുത്തിരിക്കുകയോ ഏറെറടുക്കേണ്ടതായിരിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതൊരു മൈനറും

ഇൻഡ്യൻ പിന്തുടർച്ച ആക്ററ് (1865—ലെ X)-ലോ, മറേറതെങ്കിലും അധിനിയമത്തിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും, ഇരുപത്തൊന്നു വയസ്സ് ആകുമ്പോൾ മാത്രം മെജാറിററി എത്തിയതായി കരുതപ്പെടുന്നതും അതിനുമുമ്പ് അങ്ങനെ കരുതപ്പെടുന്നതല്ലാത്തതും ആണ്.

മുൻപറഞ്ഞതിന് വിധേയമായി,

ഇൻഡ്യയിൽ അധിവാസമുള്ള മറേറതൊരാളും, അയാൾക്ക് പതിനെട്ട് വയസ്സ്പൂർത്തിയാകുമ്പോൾ, മെജാറിററി എത്തിയതായി കരുതപ്പെടുന്നതും, അതിന് മുമ്പ് അങ്ങനെ കരുതപ്പെടുന്നതല്ലാത്തതും ആണ്.

4. <u>മെജാറിററിക്കുള്ള പ്രായം എങ്ങനെ കണക്കാക്കുമെന്ന്</u>.— ഏതെങ്കിലും ആളുടെ പ്രായം കണക്കാക്കുന്നതിൽ, അയാൾ ജനിച്ച ദിവസം മുഴുവൻ ദിവസമായി ഉൾപ്പെടുത്തേണ്ടതും, അയാൾ 3-ാം വകുപ്പിന്റെ ഒന്നാം ഖണ്ഡികയിൽ വരുന്നുവെങ്കിൽ ആ ദിവസത്തിന്റെ ഇരുപത്തൊന്നാം വാർഷികത്തിന്റെ പ്രാരംഭത്തിലും, അയാൾ 3-ാം വകുപ്പിന്റെ രണ്ടാം ഖണ്ഡികയിൽ വരുന്നുവെങ്കിൽ, ആ ദിവസത്തിന്റെ പതിനെട്ടാം വാർഷികത്തിന്റെ ആരംഭത്തിലും മെജാറിററി എത്തിയതായി കരുതപ്പെടുന്നതും ആകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) യ 1850 ജനുവരി ഒന്നാം ദിവസം ഇൻഡ്യയിൽ ജനിച്ചിരിക്കുകയും അയാൾ ഇൻഡ്യയെ അധിവസിക്കുകയും ചെയ്യുന്നു. ഒരു നീതിന്യായക്കോടതി അയാളുടെ ശരീരത്തിന്റെ രക്ഷാകർത്താവിനെ നിയമിച്ചു. 1871 ജനുവരി ഒന്നാം ദിവസത്തെ ആദ്യ നിമിഷം യ യ്ക്ക് മെജാറിററി എത്തുന്നു.

(ഖ) യ 1852 ഫെബ്രുവരി 29-ാം ദിവസം ഇൻഡ്യയിൽ ജനിച്ചിരിക്കുകയും ഇൻഡ്യയെ അധിവസിക്കുകയും ചെയ്യുന്നു. അയാൾക്ക് ഒരു നീതിന്യായക്കോടതി അയാളുടെ സ്വത്തിന്റെ രക്ഷാകർത്താവിനെ നിയമിക്കുന്നു. 1873 ഫെബ്രുവരി ഇരുപത്തെട്ടാം ദിവസത്തെ ആദ്യനിമിഷം യ യ്ക്ക്, മെജാറിററി എത്തുന്നു.

(ഗ) യ 1850 ജനുവരി ഒന്നാം ദിവസം ജനിക്കുന്നു. അയാൾ ഇൻഡ്യയിൽ അധിവാസം ആർജ്ജിക്കുന്നു. യാതൊരു നീതിന്യായക്കോടതിയും അയാളുടെ ശരീരത്തിന്റേയോ സ്വത്തിന്റേയോ രക്ഷാകർത്താവിനെ നിയമിക്കുന്നില്ല. അയാൾ യാതൊരു കോർട്ട് ആഫ് വാർഡിന്റേയും അധികാരിതയിൻകീഴിൽ ആയിരിക്കുന്നുമില്ല. യ,യ്ക്ക് 1868 ജനുവരി ഒന്നാം ദിവസത്തെ ആദ്യ നിമിഷം മെജാറിററി എത്തുന്നു.

---